**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2776** **10-03-2025 - ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കുള്ള സ്വർണ്ണ മെഡൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | എസ്.എസ്.എൽ.സി./പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് 2014 മുതൽ സ്വർണ്ണ മെഡൽ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | എസ്.എസ്.എൽ.സി. പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ നൽകുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നുണ്ട്. 2014 മാർച്ച് മുതൽ 2018 മാർച്ച് വരെയുള്ള തുടർച്ചയായ അഞ്ച് വർഷങ്ങളിലും എ+ ജേതാക്കൾക്ക് 4 ഗ്രാമും എൻട്രൻസ് റാങ്ക് ജേതാക്കൾക്ക് 8 ഗ്രാമും തൂക്കമുള്ള സ്വർണ്ണമെഡലുകളാണ് വിതരണം ചെയ്തിരുന്നത്. തുടർന്ന് എ+ ജേതാക്കൾക്ക് 3 ഗ്രാമായും എൻട്രൻസ് റാങ്ക് ജേതാക്കൾക്ക് 6 ഗ്രാമായും സ്വർണ്ണമെഡലിന്റെ തൂക്കത്തിൽ കുറവുവരുത്തേണ്ടതായി വന്നിട്ടുണ്ട് . പ്രസ്തുതവർഷം പ്ലസ്ടു വിദ്യാർഥികളെ മെഡൽ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. |
| (ബി) | എത്ര ഗ്രാം സ്വർണത്തിന്റെ മെഡൽ ആണ് കുട്ടികൾക്ക് നൽകിയിരുന്നത്; സ്വർണ്ണ മെഡലിന്റെ തൂക്കം മുൻ സർക്കാർ വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഗ്രാം ആയാണ് കുറച്ചത്; ഏതു വർഷമാണ് ഇപ്രകാരം കുറവ് വരുത്തിയത്; പ്രസ്തുത വർഷം പ്ലസ് ടു വിദ്യാർഥികളെ മെഡൽ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിരുന്നോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | എസ്.എസ്.എൽ.സി. പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്വർണ്ണമെഡൽ നൽകുന്ന പദ്ധതി വകുപ്പ് മുഖേന നടപ്പാക്കി വരുന്നുണ്ട്. 2014 മാർച്ച് മുതൽ 2018 മാർച്ച് വരെയുള്ള തുടർച്ചയായ അഞ്ച് വർഷങ്ങളിലും എ+ ജേതാക്കൾക്ക് 4 ഗ്രാമും എൻട്രൻസ് റാങ്ക് ജേതാക്കൾക്ക് 8 ഗ്രാമും തൂക്കമുള്ള സ്വർണ്ണമെഡലുകളാണ് വിതരണം ചെയ്തിരുന്നത്. തുടർന്ന് എ+ ജേതാക്കൾക്ക് 3 ഗ്രാമായും എൻട്രൻസ് റാങ്ക് ജേതാക്കൾക്ക് 6 ഗ്രാമായും സ്വർണ്ണമെഡലിന്റെ തൂക്കത്തിൽ കുറവുവരുത്തേണ്ടതായി വന്നിട്ടുണ്ട് . പ്രസ്തുതവർഷം പ്ലസ്ടു വിദ്യാർഥികളെ മെഡൽ നൽകുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടില്ല. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും എത്ര എസ്.എസ്.എൽ.സി./പ്ലസ് ടു വിദ്യാർത്ഥികൾക്ക് മേൽപ്പറഞ്ഞ സ്വർണ്ണ മെഡലുകൾ നൽകിയെന്ന വിശദാംശം ഇനം തിരിച്ചു വ്യക്തമാക്കുമോ; | (സി) | 2016-17 അധ്യയന വർഷത്തിൽ 761പേർക്കും 2017-18 അധ്യയന വർഷത്തിൽ 1331 പേർക്കും 2018-19 അധ്യയന വർഷത്തിൽ 1402 പേർക്കും സ്വർണ്ണമെഡൽ അനുവദിച്ച് നൽകിയിട്ടുണ്ട്. സ്വർണ്ണനാണയം ലഭ്യമാക്കിയിരുന്ന കേന്ദ്രസർക്കാർ |

| | | | |
|---|---|---|---|
| | | | സ്ഥാപനമായ മിനറൽസ് & മെറ്റൽസ് ട്രേഡിംഗ് കോർപ്പറേഷനും നാഷണലൈസ്ഡ് ബാങ്കുകളും പിൻമാറിയ സാഹചര്യത്തിൽ പദ്ധതി പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ഡി) | 2019-20 അക്കാദമിക വർഷം മുതൽ മേൽപ്പറഞ്ഞ സ്വർണ്ണ മെഡൽ വിതരണം പൂർണമായും നിലച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | 2016-17 അധ്യയന വർഷത്തിൽ 761പേർക്കും 2017-18 അധ്യയന വർഷത്തിൽ 1331 പേർക്കും 2018-19 അധ്യയന വർഷത്തിൽ 1402 പേർക്കും സ്വർണ്ണമെഡൽ അനുവദിച്ച് നൽകിയിട്ടുണ്ട്. സ്വർണ്ണനാണയം ലഭ്യമാക്കിയിരുന്ന കേന്ദ്രസർക്കാർ സ്ഥാപനമായ മിനറൽസ് & മെറ്റൽസ് ട്രേഡിംഗ് കോർപ്പറേഷനും നാഷണലൈസ്ഡ് ബാങ്കുകളും പിൻമാറിയ സാഹചര്യത്തിൽ പദ്ധതി പുനസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ